**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വാമനപുരം ഗ്രാമ പഞ്ചായത്ത് - വാമനപുരം ടൗൺ ശുദ്ധജല വിതരണ പദ്ധതിയുടെ കംപ്രസർ പമ്പ്സെറ്റ് മാറ്റി വയ്ക്കുന്നതിന് ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2187**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09.08.2012.

പരാമർശം:-

1) പഞ്ചായത്ത് ഡയറക്ടറുടെ 31.07.2012-ലെ ജി1-22536/12 നമ്പർ കത്ത്.

2) വാമനപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.07.12-ലെ കത്ത്.

**<u>ഉത്തരവ്</u>**

വാമനപുരം ഗ്രാമ പഞ്ചായത്തിലെ വാമനപുരം ടൗൺ ശുദ്ധജല വിതരണ പദ്ധതിയുടെ കംപ്രസർ പമ്പ്സെറ്റ് കേടായത് മൂലം ജലവിതരണം മുടങ്ങിയിരിക്കുകയാണെന്നും കാലപ്പഴക്കം കാരണം ടി പമ്പ്സെറ്റ് അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുവാനാകാത്ത സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും 40,000/- രൂപ ചെലവഴിച്ച് പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശങ്ങൾ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാമനപുരം ഗ്രാമ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന വാമനപുരം ടൗൺ ശുദ്ധജല വിതരണ പദ്ധതിയുടെ കംപ്രസർ പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും **40,000/- രൂപ (നാൽപ്പതിനായിരം രൂപ മാത്രം)** ടി പദ്ധതിയുടെ തുടർചെലവുകൾ നിലവിലുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം ഗുണഭോക്തൃ സമിതി തന്നെ വഹിക്കേണ്ടതാണ് എന്ന നിബന്ധനയിൻ കീഴിൽ ; ചെലവഴിക്കുന്നതിന് അനുമതി നൽകി **ഉത്തരവാകുന്നു.**

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വാമനപുരം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.